**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1736** **20-06-2024 - ൽ മറുപടിയ്ക്ക്**

**കിനാനൂർ-കരിന്തളം കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിനാനൂർ-കരിന്തളം സർക്കാർ കോളേജിൽ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | **കിനാനൂർ-കരിന്തളം സർക്കാർ കോളേജിൽ പദ്ധതി വിഹിതത്തിൽ നിന്ന് അക്കാഡമിക് കെട്ടിട നിർമ്മാണം നടത്തുന്നതിനായി 682 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ ടെൻഡർ നടപടികൾ പൊതുമരാമത്ത് വകുപ്പ് നടത്തി വരികയുമാണ്. കൂടാതെ 2021-22 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തി കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി 594 ലക്ഷം രൂപയുടെ ഭണാനുമതി നൽകുകയും ആയതിന്റെ സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിൽ പുരോഗമിക്കുകയുമാണ്. കൂടാതെ കോളേജിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിനായി കോളേജിനെ കിഫിബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും പദ്ധതി നിർവ്വഹണ ഏജൻസിയായി KITCO യെ ചുമതലപ്പെടുത്തുകയും ചെയ്തു. ടോപ്പോഗ്രാഫിക്കൽ സർവേയും സോയിൽ സർവേയും പൂർത്തീകരിച്ച് DPR തയ്യാറാക്കുന്ന നടപടികൾ KITCO സ്വീകരിച്ച് വരികയാണ്.** |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഏതൊക്കെ ഏജൻസികളിൽ നിന്നുള്ള ഫണ്ടുകളാണ് വകയിരുത്തിയതെന്നും ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (ബി) | മറുപടി A പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ